No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM-2019

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2019–ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലെ പ്രവേശനത്തിനുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2019 ജൂൺ 13–ാം തീയതി മുതൽ 19–ാം തീയതി വരെ ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ഒന്നാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോംപേജിൽ ലഭ്യ മാണ്. ഹോം പേജിൽ വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേ ണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോ യിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണി ച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് 21.06.2019 മുതൽ 26.06.2019 വൈകുന്നേരം 5 മണിയ്ക്കകം ഒടുക്കേണ്ടതാണ്. ഫീസ് ഓൺലൈൻ പേയ്മെന്റായോ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കേണ്ടതാണ്.

ആദ്യഘട്ട അലോട്ട്മെന്റിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ പ്രവേശനം നേടേണ്ടതില്ല.

നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീ ടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(MS)No.25/2005/SCSTDD തീയതി 20.06.2005, G.O.(MS)No.10/2014/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ ടോക്കൺ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതില്ല.

എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളുടെ ഒന്നാം ഘട്ട അലോട്ട്മെന്റ് നടപടി ക്രമ ങ്ങളും എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങളും 2019 ജൂൺ 27–ന് ആരംഭിക്കുന്നതാണ്. ഇവയിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് 2019 ജൂലൈ 4–ന് പ്രസിദ്ധീകരിക്കുന്നതുമാണ്.

**ഹെൽപ്‌ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am-5 pm)**

തിരുവനന്തപുരം
20.06.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**